# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 14, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

## ലാബ് സൗകര്യം സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കൽ

*211 ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
,, വി.ശിവൻകുട്ടി
,, എ.എം.ആരിഫ്
,, കെ.വി.അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ലാബ് സൗകര്യം ഉൾപ്പെടെ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുന്നു എന്ന കേന്ദ്ര ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു ജനാരോഗ്യമേഖലയെ തകർക്കാൻ പോന്ന ഈ ദിശയിലുള്ള നീക്കത്തോട് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ;

(സി) സ്വകാര്യപങ്കാളിത്തത്തിനു വേണ്ട രൂപരേഖ തയ്യാറാക്കാനുള്ള പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവിന്റെ നിർദ്ദേശം തള്ളിക്കളയാനും അക്കാര്യം കേന്ദ്രസർക്കാരിനെ അറിയിക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ജനറിക് നെയിമും ബ്രാൻഡ് നെയിമും എഴുതാൻ നടപടി

*212 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ മരുന്ന് കുറിക്കുമ്പോൾ ജനറിക് നെയിം മാത്രം എഴുതുന്നതുകൊണ്ട് സാധാരണ രോഗികൾ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനറിക് നെയിമിനോടൊപ്പം ബ്രാൻഡ് നെയിംകൂടി എഴുതുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ആരോഗ്യവകുപ്പ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിൽക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013–ലെ മറുപടിക്ക്

<u>ടൂറിസം മേഖലയിൽ ഹോംസ്റ്റേ സംവിധാനം</u>

*213 ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, കെ.എം.ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോംസ്റ്റേ സംവിധാനം പ്രോത്സാഹിപ്പിച്ചതിലൂടെ വിനോദ സഞ്ചാര മേഖലയിൽ എത്രത്തോളം നേട്ടമുണ്ടാക്കാനായെന്ന് വിശദമാക്കാമോ;

(ബി) ഹോം സ്റ്റേ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകളും, ഉടമയ്ക്കു നൽകുന്ന ഇളവുകളും സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) വിദേശ സഞ്ചാരികൾ ഹോം സ്റ്റേ സൗകര്യം ഉപയോഗപ്പെടുത്തുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013–ലെ മറുപടിക്ക്

<u>നഴ്സിങ് മേഖലയിലെ പ്രശ്നങ്ങള്‍</u>

*214 ശ്രീ. ജോസ് തെറ്റയില്‍
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഴ്സിങ് മേഖലയില്‍ പണിയെടുക്കുന്നവരുടെ സേവനവേതന ങ്ങളെ സംബന്ധിച്ച് പ്രശ്നങ്ങള്‍ ഉയര്‍ന്നുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) നഴ്സിങ് മേഖലയിലെ പ്രശ്നങ്ങള്‍ സമഗ്രമായി പഠിക്കുവാന്‍ ഒരു കമ്മീഷനെ വെയ്ക്കുവാന്‍ സര്‍ക്കാര്‍ തയ്യാറാകുമോ;

(സി) ഈ പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിന് സര്‍ക്കാര്‍ വഹിച്ച പങ്ക് എന്തെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

ജലവിഭവ അതോറിറ്റി

*215 ശ്രീ. വി. ചെന്താമരാക്ഷൻ
,, ഇ.പി. ജയരാജൻ
,, എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ രൂപീകരിക്കുന്ന ജലവിഭവ അതോറിറ്റിക്കും നിലവിലുള്ള കേരളാ വാട്ടർ അതോറിറ്റിക്കും നിയമ നിർമ്മാണത്തിലൂടെ ഏൽപിച്ചു നൽകിയിരിക്കുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും മിക്കവയും ഒന്നുതന്നെയായിരിക്കുന്നതിന്റെ കാരണം അറിയിക്കാമോ;

(ബി) ഒരേ അധികാരത്തോടെ മറ്റൊരു അതോറിറ്റി രൂപീകരിക്കുന്നത് കേരള വാട്ടർ അതോറിറ്റി ഘട്ടംഘട്ടമായി നിർത്തലാക്കുന്നതിനാണോ; വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കാത്തത് ഇതുകൊണ്ടാണോ; വ്യക്തമാക്കാമോ;

(സി) പുതിയ അതോറിറ്റി രൂപീകരിക്കുന്നതിനുപകരം കേരളാ വാട്ടർ അതോറിറ്റി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അരിവാൾ രോഗം ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് പെൻഷൻ</u>

*216 ശ്രീ. സി.പി. മുഹമ്മദ്
,, ഐ.സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിവാൾ രോഗം ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് പെൻഷൻ നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 14.02.2013–ലെ മറുപടിക്ക്

## തോട്ടം മേഖലയിൽ മിനിമം വേതനം

*217 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം മേഖലയിൽ മിനിമം വേതനം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മാനസികവൈകല്യമുള്ള കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള ചികിത്സാ സൗകര്യങ്ങൾ</u>

*218 ശ്രീ. എം. ഉമ്മർ
,, എൻ.എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികവൈകല്യമുള്ള കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തുള്ള ഓട്ടിസം ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം</u>

*219 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി. കെ.എസ്.സലീഖ
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാല സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് കോഴ്സ് അനുവദിച്ചതും അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തേണ്ടിവന്ന സാഹചര്യത്തിൽ സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗവേണിംഗ് കൗൺസിലിനു പകരം മറ്റു യൂണിവേഴ്സിറ്റികളിലേതുപോലെ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സെനറ്റ്, സിൻഡിക്കേറ്റ് എന്നീ ജനാധിപത്യ സംവിധാനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ;

(സി) ഗവേണിംഗ് കൗൺസിൽ നടത്തിയ സ്ഥിരം നിയമനങ്ങളെ സംബന്ധിച്ച് അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

**സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം**

*220 ശ്രീ. ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി</u>

*221 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സർക്കാർ മെഡിക്കൽ കോളേജിലും രണ്ടോ മൂന്നോ സ്പെഷ്യാലിറ്റി റിസർച്ച് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ദേശീയ ജലവിഭവ കൗൺസിൽ അംഗീകരിച്ച ജലനയം</u>

*222 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. റ്റി. എ. റഹീം
ശ്രീമതി കെ. കെ. ലതിക
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലവിഭവ കൗൺസിൽ അംഗീകരിച്ച ജലനയം സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താല്പര്യത്തെ ഏതെല്ലാം നിലയിൽ ഹാനികരമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഫലമായി പ്രകൃതിവിഭവമായ ജലം കുടിക്കാനും കൃഷിക്കും കൂടിയ വില നല്കി വാങ്ങേണ്ടി വരുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) പ്രസ്തുത ജലനയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ സമീപനം രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ആരോഗ്യ ശുശ്രൂഷാരംഗത്തുള്ള പെൺകുട്ടികളുടെ പ്രശ്നങ്ങൾ

*223 ശ്രീ. എൻ. എ നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, സി മമ്മുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ശുശ്രൂഷാ രംഗത്ത് സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന കേരളത്തിലെ പെൺകുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് തയ്യാറാക്കപ്പെട്ട വിവിധ റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംസ്ഥാനതലത്തിൽ എന്താക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുകയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര നിലപാടിനെക്കുറിച്ച് ആരാഞ്ഞിട്ടുണ്ടോ;

(ഡി) ഈ രംഗത്ത് ധാരാളം മലയാളി പെൺകുട്ടികളുണ്ടെന്ന വസ്തുത കണക്കിലെടുത്ത് അവരുടെ പ്രശ്നങ്ങൾക്ക് അടിയന്തിര പ്രാധാന്യം നൽകുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തൊഴിലാളികൾക്കുള്ള രജിസ്ട്രേഷൻ</u>

*224 ശ്രീ. ഷാഫി പറമ്പിൽ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തൊഴിലാളികളെ രജിസ്ട്രേഷൻ പരിധിയിൽകൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവർക്ക് ആവശ്യമായ സുരക്ഷയും അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.02.2013–ലെ മറുപടിക്ക്

<u>മിനറൽ വാട്ടറിന്റെ ഗുണനിലവാരം</u>

*225 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മിനറൽവാട്ടർ കമ്പനികളുടെ പ്രവർത്തനവും ഉല്പന്നങ്ങളുടെ ഗുണ നിലവാരവും പരിശോധിക്കാൻ മതിയായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുപ്പിവെള്ളത്തിന്റെ വിപണന വില ഏകീകരിക്കുന്നതി നും, അമിതവില ഈടാക്കുന്നതു തടയുന്നതിനും ആവ ശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ലിറ്ററൊന്നിന് പരമാവധി വില നിശ്ചയിച്ചിട്ടുണ്ടോ; ഒരു ലിറ്ററിലധികമുള്ള കണ്ടെയ്നറുകൾക്ക് നിശ്ചയിച്ചി ട്ടുള്ള പരമാവധി വിലയെത്രയാണ്; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.02.2013–ലെ മറുപടിക്ക്

പുതിയ ഫാസ്റ്റ് ട്രാക്ക് സംവിധാനങ്ങൾ വഴി
ടൂറിസം പദ്ധതികൾ

*226 ശ്രീ. കെ. അച്ചുതൻ
,, എ.റ്റി.ജോർജ്
,, വി.പി. സജീന്ദ്രൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ടൂറിസം പദ്ധതികൾ യഥാർത്ഥ്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് കൈകൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത രംഗത്ത് ആവിഷ്കരിക്കുന്ന പദ്ധതികൾ ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഫാസ്റ്റ് ട്രാക് അടിസ്ഥാനത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിക്കുളള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 14.02.2013–ലെ മറുപടിക്ക്

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം

*227 ശ്രീ. ജെയിംസ് മാത്യു
,, എം. ചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരന്തരമുണ്ടാകുന്ന ടൂറിസ്റ്റ് ബോട്ടപകടങ്ങൾ തടയാനായി ടൂറിസം വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദീകരിക്കാമോ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും ഭൗതിക നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി ലക്ഷ്യം കൈവരിച്ചതായി കരുതുന്നുണ്ടോ;

(ഡി) ഇതുവഴി വർദ്ധിച്ച നിക്ഷേപങ്ങളുടെയും തൊഴിലവസരങ്ങളുടെയും വ്യാപ്തി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ</u>

*228 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക ജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അദ്ധ്യായന വർഷാരംഭം തന്നെ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ മരുന്ന് ദൗർലഭ്യം</u>

*229 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ അത്യാവശ്യത്തിന് മരുന്ന് ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിസ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രികളിൽ ആവശ്യമുള്ള മരുന്നുകൾ സംഭരിക്കാതെ അനാവശ്യവും ഗുണനിലവാരം കുറഞ്ഞതുമായ മരുന്നുകൾ വാങ്ങിക്കൂട്ടിയതാണ് കോടികൾ വിലയുള്ള മരുന്നുകൾ ഉപയോഗശൂന്യമാകാൻ പ്രധാനകാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉപയോഗശൂന്യമായ മരുന്നുകൾ നശിപ്പിക്കുന്നതിന് വൻതുക വേണ്ടിവരുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനാവശ്യവും ഗുണനിലവാരം കുറഞ്ഞതുമായ മരുന്നുകൾ വാങ്ങിക്കൂട്ടിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കൊച്ചി-മലബാർ ദേവസ്വം ബോർഡുകളിലേക്ക് തെരഞ്ഞെടുപ്പ്</u>

*230 ശ്രീ. ജി സുധാകരൻ
,, പി. കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മലബാർ ദേവസ്വം ബോർഡുകളിലേക്ക് കാലാവധി കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്താത്തതിനാൽ ഈ ദേവസ്വങ്ങളിൽ ഭരണസ്തംഭനം ഉളവായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദേവസ്വം ബോർഡുകളിലേക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സംവരണ വിഭാഗം പ്രതിനിധിയേയും തെരഞ്ഞെടുക്കാതിരിക്കുന്നതിന്റെ കാരണം അറിയിക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>ഒറാക്കിൾ സോഫ്റ്റ്‌വെയർ</u>

*231 ശ്രീ. എം. ഹംസ
,, കെ. വി. വിജയദാസ്
,, ജെയിംസ് മാത്യു
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ സപ്ലൈ പ്രോജക്ട് നെറ്റ് വർക്കിനായി സ്വതന്ത്ര സോഫ്റ്റ് വെയർ ഒഴിവാക്കി കെൽട്രോൺവഴി ഒറാക്കിൾ സോഫ്റ്റ്‌വെയർ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ;

(ബി) കെൽട്രോൺ സപ്ലൈ ചെയ്യുന്നതിൽ സ്വയംനിർമ്മിതമോ അസംബ്ൾ ചെയ്യുന്നതോ ആയ ഭാഗം, അമ്പതു ശതമാനമോ അതിൽ കുറവോ ആണെങ്കിൽ തുറന്ന ടെണ്ടറിലൂടെ മാത്രമേ വാങ്ങാവൂ എന്ന നിബന്ധന ഒഴിവാക്കാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) സ്ഥാപന ശാക്തീകരണ വർക്കിംഗ് കമ്മിറ്റി, ജിക്ക പദ്ധതിയുടെ കൺസൾട്ടന്റായ ടി. ഇ. സി. സി.പഠനത്തെ ആസ്പദമാക്കിസ്വതന്ത്ര സോഫ്റ്റ് വെയറാണ് കേരളാ വാട്ടർ അതോറിറ്റിക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടും ഒറാക്കിൾ സോഫ്റ്റ് വെയർ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഒറാക്കിൾ സോഫ്റ്റ് വെയറും സ്വതന്ത്ര സോഫ്റ്റ് വെയറും ഉപയോഗിക്കുമ്പോഴുണ്ടാകാവുന്ന ദീർഘകാല സാമ്പത്തിക ബാദ്ധ്യത താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ഇ) സ്വതന്ത്ര സോഫ്റ്റ് വെയർ സാദ്ധ്യമായിടത്തെല്ലാം ഉപയോഗിക്കണമെന്ന നയത്തിന് വിരുദ്ധമായി കേരള വാട്ടർ അതോറിറ്റിക്ക് ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ താങ്ങാനാവാത്ത സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുമെന്ന് വിലയിരുത്തപ്പെടുന്ന പ്രസ്തുത തീരുമാനം തിരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

മസ്തിഷ്ക മരണാനന്തര അവയവദാനം

*232 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി.ജോർജ്
ഡോ. എൻ.ജയരാജ്
ശ്രീ. എം.വി.ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആശുപത്രികളുടെ ഒരു നെറ്റ്വർക്കിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് ഓരോ ആശുപത്രികളിലും പ്രത്യേകം കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പരിശീലനം ലഭിച്ച ടൂറിസ്റ്റ് ഗൈഡുകൾ</u>

*233 ശ്രീ. ആർ. സെൽവരാജ്
,, വി.റ്റി. ബൽറാം
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലകളിൽ പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദീകരിക്കുമോ;

(സി) ടൂറിസം മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഗൈഡുകൾക്ക് നിലവിൽ എവിടെയൊക്കെയാണ് പരിശീലനം നൽകി വന്നിട്ടുളളത്;

(ഡി) ഇവരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഡാമുകളുടെ നവീകരണ പുനരുദ്ധാരണ പ്രവര്‍ത്തനങ്ങള്‍</u>

*234 ഡോ. എന്‍. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍
,, റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നവീകരണവും പുനരുദ്ധാരണവും ആവശ്യമായ ഏതെല്ലാം ഡാമുകള്‍ നിലവിലുണ്ട്;

(ബി) പ്രസ്തുത ജോലികള്‍ക്ക് ചെലവഴിക്കേണ്ടിവരുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ നല്‍കുമോ ;

(സി) ഡാമുകളുടെ നവീകരണ-പുനരുദ്ധാരണ ജോലികള്‍ക്ക് സര്‍ക്കാരിതര ഏജന്‍സികളുടെ സാമ്പത്തിക സഹായം തേടിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കുമോ ;

(ഡി) ഇതിനായി എത്ര തുകയുടെ പദ്ധതിയ്ക്കാണ് അംഗീകാരം നല്‍കിയിരിക്കുന്നത് ; നവീകരണ-പുനരുദ്ധാരണ ജോലികള്‍ എന്നുമുതല്‍ ആരംഭിക്കാന്‍ സാധിക്കും; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം</u>

*235 ശ്രീ. എസ്. രാജേന്ദ്രൻ
,, എളമരം കരീം
,, കെ. രാധാകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; എത്രയെണ്ണം സ്ഥാപിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്;

(ബി) സർക്കാർ ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു; ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ വിതരണം ചെയ്യുന്ന മരുന്നു വാങ്ങാൻ അധിക തുക നൽകാത്തതിനാൽ കെ.എം.എസ്.സി.എൽ. ആശുപത്രികളിലൂടെ സൗജന്യ വിതരണത്തിനായി മരുന്നു വാങ്ങാനുള്ള തുക വകമാറ്റി വിലകുറച്ചു വില്ക്കാനുള്ള മരുന്നു വാങ്ങുന്നതിനാൽ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന പാവപ്പെട്ട രോഗികൾ മരുന്നു കിട്ടാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഉടൻ തന്നെ ഫണ്ടു കൈമാറാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.02.2013–ലെ മറുപടിക്ക്

<u>പ്രമേഹരോഗികൾക്കു സൗജന്യമരുന്ന് നൽകുന്നതിനു നടപടി</u>

*236 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രമേഹരോഗികൾക്കു സൗജന്യമരുന്ന് നൽകുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ആശുപത്രികൾ വഴിയാണ് മരുന്നുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) എത്ര ലക്ഷം പേർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**14.02.2013–ലെ മറുപടിക്ക്**

മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

*237 ഡോ.ടി. എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എ. പ്രദീപ്കുമാർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ സർക്കാർ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനായത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കൊണ്ടും പരിശോധനാ സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ടും പാവപ്പെട്ട രോഗികൾ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഇത് പരിഹരിക്കാനായി എന്തെങ്കിലും സമയബന്ധിത പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണസ്ഥലങ്ങളിലെ സുരക്ഷാ ഓഡിറ്റ്</u>

*238 ശ്രീ. ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ഹൈബി ഈഡൻ
,,

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണസ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണു കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഒരു സുരക്ഷാ മാന്വൽ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഓഡിറ്റിങ്ങിനു യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ മാന്വലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ</u>

*239 ശ്രീ. എം. എ. വാഹിദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ സംവിധാനം വഴി രജിസ്റ്റർ ചെയ്തവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ തൊഴിലവസരങ്ങൾ അറിയിക്കാൻ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം

*240 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് സംസ്ഥാനത്തെ മാലിന്യപ്രശ്നം തടസ്സമാകുന്നുണ്ടോ ; എങ്കിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതുമൂലം മുൻകാലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള മാലിന്യരഹിത കേന്ദ്രങ്ങൾ സജ്ജമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 5.